150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## സംഗ്രഹം

സർവകലാശാല ലൈബ്രറിയിൽ അംഗത്വമുള്ള ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളിലെ ലൈബ്രേറിയന്മാർക്ക് ഡാറ്റാബേസുകളിലേക്കുള്ള റിമോട്ട് ആക്സസ് അനുവദിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 5 സെക്ഷൻ**

നമ്പർ. 3325/AD A 5/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 31.03.2022

---

*പരാമർശം:-*(1) സർവകലാശാല ഉത്തരവ് നം. 6946/ADA5/2021/MGU, തീയതി 10.12.2021.
(2) സർവകലാശാല ഉത്തരവ് നം. 2437/ADA5/2020/MGU, തീയതി 09.06.2020.
(3) കേരള കോളേജ് ലൈബ്രേറിയൻസ് അസോസിയേഷൻ സെക്രട്ടറിയുടെ കത്ത്, തീയതി 07.02.2022.

## ഉത്തരവ്

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ് കോളേജുകളിലെ ലൈബ്രേറിയൻമാർക്ക് ₹500 (അഞ്ഞൂറ് രൂപ) ക്യാഷ് ഡിപ്പോസിറ്റ് ഈടാക്കി സർവ്വകലാശാലാ ലൈബ്രറിയിൽ അംഗത്വം നൽകുവാൻ പരാമർശം (1) പ്രകാരം ഉത്തരവാകുകയുണ്ടായി.

സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലെയും, സർവകലാശാലയിലെയും ഫാക്കൽറ്റി അംഗങ്ങൾക്ക് സർവകലാശാല സബ്സ്ക്രൈബ് ചെയ്ത ഡാറ്റാബേസുകളിലേക്ക് റിമോട്ട് ആക്സസ് സൗകര്യം അനുവദിച്ച് പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ, ഡാറ്റാബേസുകളിലേക്കുള്ള റിമോട്ട് ആക്സസ് സൗകര്യം കോളേജ് ലൈബ്രേറിയൻമാർക്ക് കൂടി അനുവദിച്ചു നൽകണമെന്ന് അഭ്യർത്ഥിച്ച് കേരള കോളേജ് ലൈബ്രേറിയൻസ് അസോസിയേഷൻ സെക്രട്ടറി പരാമർശം (3) കത്ത് സമർപ്പിക്കുകയുണ്ടായി.

ഇ-ജേർണലുകൾ വിദൂരമായി ഉപയോഗിക്കാനുള്ള ഇൻഫെഡ് സംവിധാനം മഹാത്മാ ഗാന്ധി സർവ്വകലാശാല ലൈബ്രറിയിൽ അംഗങ്ങളായ കോളേജ് ലൈബ്രേറിയന്മാരുടെ വ്യക്തിഗത അക്കാദമിക്, ഗവേഷണ ഉപയോഗങ്ങൾക്ക് നൽകാവുന്നതാണെന്നും, ഇൻഫെഡ് സംവിധാനം കോളേജ് ലൈബ്രേറിയന്മാർക്ക് അനുവദിക്കുമ്പോൾ കോളേജിലെ പൊതു ഉപയോഗത്തിനും, കോളേജ് ലൈബ്രറിയിലെ അംഗങ്ങളുടെ ഉപയോഗത്തിനും പ്രസ്തുത സംവിധാനം ഉപയോഗിക്കാൻ പാടില്ലായെന്ന വ്യവസ്ഥ ഉൾപ്പെടുത്തേണ്ടതാണെന്നും സർവകലാശാലാ ഡെപ്യൂട്ടി ലൈബ്രേറിയൻ ഇൻ ചാർജ്ജ് അഭിപ്രായപ്പെടുകയുണ്ടായി.

മേൽ സാഹചര്യത്തിൽ, സർവ്വകലാശാല സബ്സ്ക്രൈബ് ചെയ്ത ഡാറ്റാബേസുകളിലേക്ക് റിമോട്ട് ആക്സസിനുള്ള ഇൻഫെഡ് സംവിധാനം, അഫിലിയേറ്റഡ് കോളേജുകളിലെ പൊതു ഉപയോഗത്തിനോ, കോളേജ് ലൈബ്രറിയിലെ അംഗങ്ങളുടെ ഉപയോഗത്തിനോ ഉപയോഗിക്കാൻ പാടില്ലായെന്ന വ്യവസ്ഥയോടെ, നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി സർവ്വകലാശാലാ ലൈബ്രറിയിൽ അംഗങ്ങളായ കോളേജ് ലൈബ്രേറിയന്മാരുടെ വ്യക്തിഗത അക്കാദമിക്, ഗവേഷണ ഉപയോഗങ്ങൾക്കായി അനുവദിച്ച് നൽകുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബിജു എം എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. സെക്രട്ടറി, കേരള കോളേജ് ലൈബ്രേറിയൻസ് അസോസിയേഷൻ
2. സർവ്വകലാശാലാ ലൈബ്രേറിയൻ
3. വൈസ് ചാൻസലറുടെയും പ്രൊ വൈസ് ചാൻസലറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി. എ. മാർ
5. എ.ആർ. II (ഭ.വി.), ഡി.ആർ. II (ഭ.വി.), ജെ.ആർ. I (ഭ.വി.)
6. ഐ.ക്യൂ.എ.സി./ ഐ ടി സെൽ / കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7. ജോയിന്റ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
8. പബ്ലിക് റിലേഷൻസ് ഓഫീസർ/ സർവ്വകലാശാലാ വെബ്സൈറ്റ്
9. റെക്കോർഡ്സ് സെക്ഷൻ/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 27538/AD A5-1/2022/AD A 5 Approved by ASSISTANT REGISTRAR II (ADMIN) on 31-Mar-2022 11:36 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം